"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

ശ്രീ. എൻ. ബാലകൃഷ്ണന്റെ (PPO No. 111512262) 01/07/2015 മുതൽ 31/07/2025 വരെയുള്ള കാലയളവിലെ പത്തും പതിനൊന്നും പെൻഷൻ പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ -ബി) വകുപ്പ്**

സ.ഉ.(സാധാ) നം.8381/2026/FIN തീയതി,തിരുവനന്തപുരം, 02-11-2026

---

പരാമർശം:- 1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) -യുടെ 26/05/2025-ലെ No.P5/2101545202/2//P/25/15/70687906 നമ്പർ കത്ത്.

2. ട്രഷറി ഡയറക്ടറുടെ 13/09/2026-ലെ TRY/1836/2026-P7 നമ്പർ കത്ത്.

**ഉത്തരവ്**

പയ്യോളി സബ് ട്രഷറിയിൽ നിന്നും പി.പി.ഒ നം.111512262 പ്രകാരം സർവ്വീസ് പെൻഷൻ വാങ്ങി വരുന്ന ശ്രീ. എൻ. ബാലകൃഷ്ണന്റെ പെൻഷൻ അക്കൗണ്ടന്റ് ജനറലിന്റെ പരാമർശം (1)-ലെ പരിഷ്കരണ ഉത്തരവ് പ്രകാരം ഒൻപതാം പരിഷ്കരണ നിരക്കിൽ നിന്നും പത്താം പരിഷ്കരണ നിരക്കിലേക്ക് പരിഷ്കരിച്ച് നൽകുകയുണ്ടായിയെന്നും ടി ഓതറൈസേഷൻ അടിസ്ഥാനമാക്കി 07/2015 മുതൽ 07/2025 വരെയുള്ള പത്തും പതിനൊന്നും പരിഷ്കരണ കുടിശ്ശിക 13,83,540/- (പതിമൂന്ന് ലക്ഷത്തി എൺപത്തി മൂവായിരത്തി അഞ്ഞൂറ്റി നാൽപത് രൂപ) ആയി കണക്കാക്കിയ കുടിശ്ശിക സ്റ്റേറ്റ്മെന്റും അക്കൗണ്ടന്റ് ജനറലിന്റെ പരിഷ്കരണ ഉത്തരവും സഹിതം വിതരണാനുമതിക്കായി കോഴിക്കോട് ജില്ലാ ട്രഷറി ഓഫീസർ അപേക്ഷ ലഭ്യമാക്കിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നതോടൊപ്പം , ധനകാര്യ വകുപ്പിന്റെ 06.10.2022-ലെ പെൻ-ബി 1/14/2022-ധന (ഇ - 2040361) നമ്പർ കത്ത് അനുസരിച്ച് ടി തുക വിതരണം ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി ട്രഷറി ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ മേൽവിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. 01/07/2014 പ്രാബല്യത്തിൽ

പത്താം പെൻഷൻ പരിഷ്കരണം അനുവദിച്ച G.O(P) No.9/2016/Fin തീയതി 20/01/2016 ഉത്തരവിന്റെ ക്ലോസ് 14.1 പ്രകാരം , 2014 ജൂലൈ 1-ന് ശേഷം വിരമിക്കുന്ന നോൺ-ഗസറ്റഡ് ഉദ്യോഗസ്ഥരുടെ കാര്യത്തിൽ, ശമ്പള നിർണ്ണയ സ്റ്റേറ്റ്മെന്റ്, പരിഷ്കരിച്ച പെൻഷൻ ആനുകൂല്യങ്ങൾ വ്യക്തമാക്കുന്ന കണക്കുകൂട്ടൽ സ്റ്റേറ്റ്മെന്റ് എന്നിവയുടെ അടിസ്ഥാനത്തിൽ പെൻഷൻ പരിഷ്കരണം ആവശ്യമായ എല്ലാ കേസുകളും പെൻഷൻ അനുവദിക്കുന്ന അധികാരികൾ അക്കൗണ്ടന്റ് ജനറലിന് (A&E) അയച്ചുനൽകേണ്ടതാണ്. 2014 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വന്ന പരിഷ്കരിച്ച ശമ്പള സ്കെയിലുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തെത്തുടർന്നുണ്ടാകുന്ന പരിഷ്കരിച്ച പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ അക്കൗണ്ടന്റ് ജനറൽ ഓതറൈസ് ചെയ്യേണ്ടതുമാണ്. ശമ്പള പരിഷ്കരണ പ്രാബല്യതീയതിക്ക് ശേഷമാണ് ടിയാൻ വിരമിച്ചതെന്നതിനാൽ പത്താം പരിഷ്കരണ പ്രകാരമുള്ള ശമ്പളത്തിനും പെൻഷനും കുടുംബപെൻഷനും പ്രത്യേകം അപേക്ഷ നൽകേണ്ടതില്ല. G.O(P) No.9/2016/Fin dtd 20/01/2016-ലെ ക്ലോസ് 14.1 പ്രകാരവും സർക്കാർ ധനകാര്യ വകുപ്പിന്റെ 06.10.2022-ലെ പെൻ-ബി 1/14/2022-ധന (ഇ - 2040361) നമ്പർ കത്ത് അനുസരിച്ചും, അക്കൗണ്ടന്റ് ജനറലിന്റെ ഓതറൈസേഷന്റെയും വിതരണാനുമതിക്കായി ട്രഷറി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ടിയാന് പെൻഷൻ കുടിശ്ശിക ലഭിക്കുന്നതിന് പൂർണ്ണ അർഹതയുണ്ട്.

3 . മേൽ സാഹചര്യത്തിൽ ശ്രീ. എൻ. ബാലകൃഷ്ണന്റെ 01/07/2015 മുതൽ 31/07/2025 വരെയുള്ള കാലയളവിലെ പത്തും പതിനൊന്നും പെൻഷൻ പരിഷ്കരണ കുടിശ്ശിക തുകയായ ₹13,83,540/- രൂപ (പതിമൂന്ന് ലക്ഷത്തി എൺപത്തി മൂവായിരത്തി അഞ്ഞൂറ്റി നാൽപത് രൂപ മാത്രം) നാലു തുല്യ ഗഡുക്കളായി (പ്രതിമാസം ₹3,45,885/-വീതം) 2026 നവംബർ മുതൽ പ്രതിമാസ പെൻഷനോടൊപ്പം വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. തുകയുടെ കൃത്യത ട്രഷറി ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASANKAR K G

അഡിഷണൽ സെക്രട്ടറി

പകർപ്പ് :-

1.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) ,കേരളം ,തിരുവനന്തപുരം.

2.അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് -II) ,കേരളം ,തിരുവനന്തപുരം.

3.ഡയറക്ടർ ,ട്രഷറി ഡയറക്ടറേറ്റ്,പട്ടം,പട്ടം പാലസ് പി ഓ ,തിരുവനന്തപുരം.

4.ശ്രീ. ബാലകൃഷ്ണൻ.എൻ, പോന്നക്കോലിതാഴക്കുനി, പയ്യോളി പി.ഓ, അങ്ങാടി കോഴിക്കോട്, -673522.

5.നോഡൽ ഓഫീസർ www.finance.kerala.gov.in

6.സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (ഇ-3641540)

ഉത്തരവിൻ പ്രകാരം
Digitally signed by
Sujeev S J
Date: 04-11-2026
16:36:42

സെക്ഷൻ ഓഫീസർ